LIBRARY ARCHIVES Kerala Legislative Assembly

കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

164 (761) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ പി. എസ്. സി മുഖേന നിയമിക്കപ്പെട്ട കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവർക്ക് സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എത്ര പേരെ സ്ഥിരപ്പെടുത്തി ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ അതിന് പി. എസ്. സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഈ കാര്യത്തിൽ സംവരണം പാലിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സ്ഥിര നിയമനത്തിന് പരിഗണിക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ് ;

(ഡി) സ്ഥിരപ്പെടുത്താൻ തയ്യാറാക്കുന്ന ലിസ്റ്റിൽ മാനദണ്ഡം മറികടന്ന് ഭരണകക്ഷിയൂണിയനിൽപ്പെട്ടവരും, ദിവസ വേതന അടിസ്ഥാനത്തിൽ നേരിട്ട് നിയമനം നേടിയ അനർഹരേയും ഉൾപ്പെടുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അടിയന്തരമായി അന്വേഷണം നടത്തുമോ ; അനധികൃത സ്ഥിരപ്പെടുത്തൽ നീക്കം നിർത്തിവയ്ക്കാൻ സത്വര നിർദ്ദേശം നൽകുമോ ;

(ഇ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ച്വരുന്നത് ?

ഉത്തരം

(എ) പി.എസ്.സി. നൽകിയിട്ടുള്ള നാമ വിവരപട്ടികയിൽ നിന്നും എംപാനൽ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) എംപ്ലോയ്മെന്റ് വഴി നിയമനം നൽകിയ കണ്ടക്ടർമാരെ മാത്രമായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ 8 വർഷം തികച്ച മെക്കാനിക്ക്, കണ്ടക്ടർ, ഡ്രൈവർ വിഭാഗത്തിൽപ്പെട്ടവരെ സ്ഥിരപ്പെടുത്തണമെന്ന അംഗീകൃത യൂണിയനുകളുടെ ആവശ്യം അംഗീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്.

(സി) കോർപ്പറേഷൻ താൽക്കാലിക സേവനത്തിൽ 8 വർഷം പൂർത്തിയാക്കിയവരെയാണ് സ്ഥിര നിയമനത്തിന് പരിഗണിച്ചത്. 1-9-2008-ന് മുൻപ് 120 ഡ്യൂട്ടികൾ തികച്ച എട്ട് സേവന വർഷം പൂർത്തിയാക്കിയവരെയാണ് പരിഗണിക്കുന്നത്. കൂടാതെ ഇവർ 1-9-2008-ൽ കോർപ്പറേഷൻ റോളിൽ ഉണ്ടായിരിക്കണം.

(ഡി) അംഗീകൃത യൂണിയനുകൾ കൂടി സമ്മതിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് എട്ടുവർഷം താൽക്കാലിക സേവനം പൂർത്തിയാക്കിയവരെ മാത്രമാണ് സ്ഥിരപ്പെടുത്തലിന് നിർദ്ദേശിക്കപ്പെട്ട പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അനർഹർ പ്രസ്തുത പട്ടികയിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അന്വേഷണം നടത്തി സത്യമെന്നു തെളിഞ്ഞാൽ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്. അനർഹ നിയമനം സ്വന്തമാക്കിയവരെ നിയമനത്തിന്റെ ഏത് ഘട്ടത്തിലും കോർപ്പറേഷന് നീക്കം ചെയ്യാവുന്നതാണ്.

(ഇ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ലാഭത്തിലാണ്. എന്നാൽ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, മുൻ ബാദ്ധ്യതകൾ തീർക്കുന്നതിനു വേണ്ടി എടുത്ത കടത്തിന്റെ തിരിച്ചടവ്, പലിശ എന്നിവ കൂടി കണക്കിലെടുക്കുമ്പോൾ നഷ്ടത്തിലാണ്.

എം.പാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ

165 (762) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ 8 വർഷവും അതിനുമുകളിലും ജോലി ചെയ്തുവരുന്ന എംപ്ലോയ്മെന്റ് എം. പാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുവോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിയമനത്തിനർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഏതെല്ലാം മാനദണ്ഡങ്ങൾ അവലംബിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ വ്യവസ്ഥകൾ പ്രകാരം 8 വർഷത്തെ താൽക്കാലിക സേവനം പൂർത്തിയാക്കിയ മെക്കാനിക്ക്, ഡ്രൈവർ, കണ്ടക്ടർ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്. സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവുപ്രകാരം തടഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly